മിസ്റ്റർ കെ. പി. വള്ളോൻ: കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ കോളേജ് ക്ലാസുകളിലുള്ള അവശ സമുദായങ്ങളിൽപെട്ട കുട്ടികൾക്കും അധഃകൃത സമുദായങ്ങളിൽ പെട്ട കുട്ടികൾക്കും ആനുകൂല്യം അനുവദിക്കാമെന്ന സമ്മതിച്ചിട്ടുണ്ടായിരുന്നതു് ഈ വിദ്യാർത്ഥികൾക്കും ബാധകമാണൊ?

ഡോക്ടർ എ. ആർ. മേനോൻ: അനുവദിക്കാമെന്നു പറഞ്ഞിരുന്നു. വളരെ കുട്ടികൾ ചേരുന്നതു കൊണ്ടു് എന്തു ചെയ്യണമെന്നു് ആലോചിച്ചതിൽ അവക്കു വേണ്ടി ആയിരം ഉറുപ്പിക നീക്കി വെക്കാമെന്നു് ദിവാൻജി അവർകൾ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ആകെ അധഃകൃത വിദ്യാർത്ഥികൾ ൧൭,൦൦൦ പേരുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതിൽ കോളേജ് ക്ലാസുകളിൽ പഠിക്കുന്നവരെത്രയുണ്ടു്?

ഡോക്ടർ എ. ആർ. മേനോൻ: മഹാരാജാസ് കോളേജിൽ ൧൩, സെൻറ് തോമസ് കോളേജിൽ ൫ ഇങ്ങിനെ ൧൮ പേർ പഠിക്കുന്നുണ്ടെന്നു് ഇതിൽ കാണുന്നുണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അധഃകൃത സമുദായത്തിൽ ഉൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചവരുടെ എണ്ണം വളരെ കുറവാണെന്ന ബഹുമാനപ്പെട്ട മന്ത്രിക്കറിയാമൊ?

ഡോക്ടർ എ. ആർ. മേനോൻ: മെമ്പർക്കുള്ളിടത്തോളമുള്ള അറിവു് എനിക്കുമുണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അങ്ങിനെയുണ്ടെങ്കിൽ ഈ കാര്യത്തിൽ മന്ത്രിയവർകൾക്കു് എന്തെങ്കിലും ചെയ്യുകൂടെ?

ഡോക്ടർ എ. ആർ. മേനോൻ: ഈ സ്ഥാനത്തു നിങ്ങളാണു് വരുന്നതെങ്കിൽ എന്തു ചെയ്യുമെന്നു് എനിക്കറിയാം.

DEPRESSED CLASS STUDENTS—COLLEGE DEPARTMENT.

126. Mr. K. R. Viswambharan (*Ezhuvas-Talappalli*): Will the Government be pleased to state:—

(*a*) the number of Depressed Classes students who are receiving collegiate education from (1) Maharaja's College (2) St. Teresa's College and (3) St. Thomas' College, Trichur;

(*b*) whether the Government have granted any concessions or awarded any stipends or scholarships to enable them to prosecute their studies; if so, what are such concessions or stipends;

(*c*) what was the number of the Depressed Classes students in the Junior Intermediate class of the St. Thomas' College in Karkadagam 1113;

(*d*) do all of them receive stipends or concessions;

(*e*) do the non-recipients continue their studies at present;

LIBRARY ARCHIVES Kerala Legislative Assembly

(*f*) have the Government enquired of the reasons of their discontinuing?

Dr. A. R. Menon (*Minister for Rural Development*):

(*a*) 1. Maharaja's College 13.

2. St. Teresa's College nil.

3. St. Thomas' College 2.

(*b*) Eight students in the Maharaja's College and two students in the St. Thomas' College have been granted the following concessions:—

(*i*) Monthly stipends at Rs. 10, to 3 students in the Maharaja's College and 2 students in the St. Thomas' College studying in the senior classes.

(*ii*) Monthly stipends at Rs. 5, to 5 students in the junior classes of the Maharaja's College.

(*iii*) Lump sum grant at Rs. 25 each to the ten students mentioned in (*i*) and (*ii*) above for the purchase of cloths and books.

(*iv*) University Examination fees to the 5 students referred to in (*i*) above.

(*v*) Full class fees to the students in the St. Thomas' College.

N. B.—All the 13 students in the Maharaja's College enjoy full fee concessions.

(*c*) 4.

(*d*) No.

(*e*) No.

(*f*) Yes. The students discontinued their studies due to want of financial help.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, സെൻറ് തോമസ്സ് കോളേജിൽ രണ്ടു വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ് കൊടുക്കുന്നുണ്ടെന്നു പറയുന്നു. അവർ എല്ലാ സംഗതികളും കൊണ്ടും യഥാർത്ഥത്തിൽ അധഃകൃത സമുദായത്തിൽപെട്ട വരാണൊ?

ഡോക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റി മിസ്റ്റർ വള്ളോന്റെ ഒരു റസല്യൂഷൻ ഈ സഭയുടെ ആലോചനക്കു വരുന്നുണ്ട്. അതിന്റെ ഡിസ്കഷൻ വരുമ്പോൾ എല്ലാ കാര്യങ്ങളും പറയുന്നതിനു പ്രയാസമുള്ളതാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആ ഡിസ്കഷണിലേക്കു" ഇതിന്റെ ഇൻഫർമേഷൻ ഉപയോഗമാകുമല്ലൊ എന്നാണു വിചാരിക്കുന്നതു".

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: ചോദ്യത്തിനുള്ള ഉത്തരത്തിൽ പല കാര്യങ്ങളും പറയാം. അതു ഡിസ്ക്ലോഷനിൽ ആയാൽ കുറെക്കൂടി നന്നായിരിക്കുമെന്നാണ് ഞാൻ പറയുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവർ യഥാർത്ഥത്തിലുള്ള അധഃകൃതരാണൊ?

ഡോക്ടർ എ. ആർ. മേനോൻ: യഥാർത്ഥത്തിലുള്ള അധഃകൃതരാണൊ എന്നുള്ളതു ഡഫനിഷൻ കൊണ്ടു തീർച്ചയാക്കണം.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഈ രണ്ടു വിദ്യാർത്ഥികളും യഥാർത്ഥ അധഃകൃതരല്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി ധരിച്ചിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അങ്ങിനെയല്ലെന്നാണു ധരിച്ചിട്ടുള്ളതെങ്കിൽ അവക്കു ഞങ്ങളിതു കൊടുക്കുമോ?

Mr. K. R. Viswambharan (*Ezhuvas-Talappalli*): They are declared so, only for the purpose of educational concessions. In doing that you have sent out really Depressed Class Students. That is my complaint.

Dr. A. R. Menon (*Minister for Rural Development*): I do not see any complaint.

Mr. K. R. Viswambharan (*Ezhuvas-Talappalli*): You can't appreciate it.

Dr. A. R. Menon (*Minister for Rural Development*)): There is nothing to be appreciated from that statement.

Mr. V. K. Krishnankutty (*Ezhuvas-Trichur*): May I know to which community these two students belong?

Dr. A. R. Menon (*Minister for Rural Development*): I want notice.

Rao Sahib I. N. Menon (*Director of Public Instruction*): If there is any mistake on the part of the authorities with regard to the award of those concessions, the question will be taken up by Government as soon as possible. They will institute an inquiry as soon as possible and if there has been any miscarriage of justice on this score the hon'ble members may be rest assured that the error will be set right. But the hon'ble members should also realise that if there was an error committed at the time of the award of these stipends, that was not due to Government but due to some misrepresentation made to Government.

Mr. President: Is it a definite charge that these two students do not come under the category of depressed classes?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. R. Viswambharan (*Ezhuvas-Talappalli*): They are not really depressed classes, belonging to the Pulaya and Paraya Communities, but they belong to the backward classes, recently classified as depressed for the purposes of educational concessions alone. These students are given concession whereas the 2 students, really depressed class members belonging to the Pulaya and the Paraya Community are sent out by not giving fee concession. These two belong to the washer-man community.

Mr. President: What I wanted to know was whether the giving of concessions to these two students is in violation of the rules now existing?

Mr. K. Ayyappan (*Ezhuvas-Kanayannur*): No.

Mr. President: So this is a case for changing the rules.

Mr. K. R. Viswambharan (*Ezhuvas-Talappalli*): The really deserving are eliminated.

Rao Sahib I. N. Menon (*Director of Public Instruction*): I will explain. The list of these communities is increased on the representation of the public. Certain communities originally classed backward are included in the 'depressed classes'. It is not now fair to go back upon the representations then made and the decisions then arrived at. Now you say that it is to be deleted. If that is to be done, it should be done.

Dr. A. R. Menon (*Minister for Rural Development*): These boys were in the Junior Intermediate Class last year. There were no applications at all from others then. So, naturally they should be allowed to have them for the second year also. There are a number of classes brought under this category and I myself have been discussing this subject with the Protector of the Depressed Classes. With regard to education, they are all classed under one category. The Protector makes recommendations in such cases and as far as possible encouragement is given to Pulayas, etc. The result is that 50 per cent goes to Pulayas and Cherumas. That is what I understand from the list submitted by the Protector.

127. മിസ്റ്റർ കെ പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും മറുപടി നൽകുവാൻ ദയവുണ്ടാകുമോ:—

(*a*) കോളേജ് വിദ്യാഭ്യാസാർത്ഥം അധ്യക്ഷതരിൽ എത്തുപേക്ക് ആനുകൂല്യങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(*b*) യഥാർത്ഥഅധഃകൃതരിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട് ?

ഡോക്ടർ എ. ആർ. മേനോൻ:

(*a*) പത്തുപേർക്ക്.

(*b*) വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പത്തുപേരും യഥാർത്ഥ അധഃകൃതരാണ്.

മിസ്റ്റർ കെ. പി. വള്ളോൻ: ഇവർ ഏതെല്ലാം സമുദായത്തിൽപെട്ടവരാണ്?

ഡോക്ടർ എ. ആർ. മേനോൻ: ഇവരിൽ ഒരുപാട് സമുദായക്കാർ ചേർന്നിട്ടുണ്ട്. ഇവരെയെല്ലാം ചേർത്ത് ഒരു ലിസ്റ്റുണ്ടാക്കി അതിൽനിന്നു തിരഞ്ഞെടുക്കുന്നതാണ് ഇപ്പോഴത്തെ സമ്പ്രദായം. അങ്ങിനെ തിരഞ്ഞെടുക്കുന്നകൂട്ടത്തിൽ പത്തിനു് നാലു് ചെറുമനു്, അല്ലെങ്കിൽ പുലയനു് എന്നവരും. അങ്ങിനെ വരുമ്പോൾ അവർക്കു കൊടുക്കും. ആദ്യകാലത്തുണ്ടായിരുന്ന ഉദ്ദേശം എന്താണെന്നറിഞ്ഞുകൂടാ.

മിസ്റ്റർ കെ. പി. വള്ളോൻ: വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പത്തുപേരും യഥാർത്ഥ അധഃകൃതരാണ് എന്നു പറഞ്ഞിരിക്കുന്നു, എന്നാൽ അവരുടെ മറ്റുനിലകൂടി എന്തെല്ലാമാണെന്നു് വ്യക്തമാക്കാമോ?

ഡോക്ടർ എ. ആർ. മേനോൻ: മറ്റുള്ളനില എന്നുപറഞ്ഞതു് എന്താണെന്നു് മനസ്സിലാകുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: അവരുടെ ധനസംബന്ധമായും മറ്റുമുള്ള നില.

ഡോക്ടർ എ. ആർ. മേനോൻ: ചിലർ കുറച്ചു ധനമുള്ളവരുണ്ടായേക്കാം. പൊതുവിൽ നോക്കുകയാണെങ്കിൽ അത്രയധികം ധനസ്ഥിതിയുള്ളവരുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: കോളേജു വിദ്യാഭ്യാസത്തെസംബന്ധിച്ചു് മാത്രം പെരുമണ്ണാൻ സമുദായത്തിൽപെട്ട എത്രപേരുണ്ട്?

ഡോക്ടർ എ. ആർ. മേനോൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അധഃകൃത സമുദായത്തിനു് സൌജന്യ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ഇക്കൊല്ലത്തേക്കു സംഖ്യ വകയിരുത്തിച്ചിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഇനിയത്തെ കൊല്ലത്തേക്കു വകയിരുത്തിക്കുന്നുണ്ട്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ കഴിഞ്ഞകൊല്ലം ബഡ്ജറ്റു തയ്യാറാക്കുന്ന അവസരത്തിൽ ഇക്കൊല്ലം കൂടുതൽ കോളേജു വിദ്യാർത്ഥികളുണ്ടാകുമെന്നു് ആൻറിസിപ്പേറ്റു ചെയ്തിരുന്നുവോ ?

ഡോക്ടർ എ. ആർ. മേനോൻ: ഞാനല്ല ബഡ്ജറ്റു് തയ്യാറാക്കിയതു്

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് ഐ. എൻ. മേനോൻ: എല്ലാക്കൊല്ലവും ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ വിദ്യാർത്ഥികൾ ധാരാളമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കാവുള്ളത്. അതനുസരിച്ചാണ് സംഖ്യ അനുവദിക്കുന്നത്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സ്റ്റൈപ്പൻഡ് കൊടുക്കുമ്പോൾ സമുദായങ്ങളുടെ പ്രശ്നം നോക്കാറുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഗവൺമെൻറിൽനിന്നും ഉണ്ടാകുന്ന ലിസ്റ്റനുസരിച്ച് കഴിയുന്നതും എല്ലാ സമുദായങ്ങളും റപ്രസൻറ് ചെയ്യുവാനുള്ള വിധത്തിൽ കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: കോളേജ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ പറയൻ, കണക്കൻ, വേട്ടുവൻ, പുലയൻ മുതലായ നാലു സമുദായക്കാർക്ക് കൊടുക്കേണ്ടതു്, പെരുമണ്ണാൻ സമുദായത്തിൽ ഒന്നു്, വാത്തി ഒന്നു്, കടുമിച്ചെട്ടി ഒന്നു് എന്നതുടങ്ങി ആറുപേർ അധ്യേതരരിൽപെട്ടവരും, ആറുപേർ അധ്യേതരരിൽ പെടാത്തവരുമായവർക്കാണ് കൊടുത്തുവരുന്നതു്.

ഡോക്ടർ എ. ആർ. മേനോൻ: അധ്യേതരരിൽനിന്നു് അപേക്ഷകളനുസരിച്ചു് പൊതുവായിട്ടു് ഒരു ലിസ്റ്റുണ്ടാക്കി അതിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കു് ആനുകൂല്യങ്ങൾ കൊടുത്തുവരുന്നു. അധ്യേത സമുദായത്തിനു നാശം വരുത്തുവാനുള്ള ഒരു പ്രവൃത്തിയും ഗവൺമെൻറ് ചെയ്യുന്നില്ല. ന്യായമായും ശരിയായും അധ്യേതർക്കു ദോഷംവരാത്തനിലയിലും മാത്രമെ ഏതു പ്രോഴും ഗവൺമെൻറ് ചെയ്യുകയുള്ളൂ.

മിസ്റ്റർ കെ. പി. വള്ളോൻ: അധ്യേതരരിൽപെടുത്തിട്ടുള്ള മറ്റു സമുദായങ്ങൾക്ക് ഫ്രീ വിദ്യാഭ്യാസമൊ, സ്റ്റൈപ്പൻറോ കൊടുക്കുവാൻ ആർഡറുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: രണ്ടനുസരിച്ച് ഇതിൽ അവരെല്ലാം ഉൾപ്പെടും.

മിസ്റ്റർ കെ. പി. വള്ളോൻ: പെരുമണ്ണാൻ സമുദായത്തിനു് സൌജന്യ വിദ്യാഭ്യാസം മാത്രമല്ലെ അനുവദിച്ചിട്ടുള്ളതു്?

റാവുസാഹിബ് ഐ. എൻ. മേനോൻ: സാധാരണയായിട്ടു് ഏതെങ്കിലും ഒരു സമുദായം അധ്യേതരരാണെന്നു കാണിച്ചു് അപേക്ഷ കൊടുത്താൽ അവരുടെ പേരു് അധ്യേതരരിൽ പെടുത്തുകയും അധ്യേതർക്കുള്ള സൌജന്യങ്ങൾ മുഴുവൻ അവർക്കും ചെയ്തുകൊടുക്കുകയും ചെയ്യാറുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: സൌജന്യവിദ്യാഭ്യാസംമാത്രം അനുവദിച്ചിട്ടുള്ളവർക്കു് സ്റ്റൈപ്പൻറുകൂടി കൊടുക്കുന്നതു ശരിയാണൊ?

റാവുസാഹിബ് ഐ. എൻ. മേനോൻ: സൌജന്യ വിദ്യാഭ്യാസം മാത്രമല്ല, അധ്യേതർക്കു പൊതുവെയുള്ള ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: കുടുമിച്ചെട്ടികൾക്കു മുണ്ടുകൊടുക്കുന്നുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: മുണ്ടൊഴികെ ബാക്കിയുള്ള സകല ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: അധ്യക്ഷതയുടെ ലിസ്റ്റിൽ പെടുത്തിയതുകൊണ്ട് പലയ്ക്കും മുണ്ട് കൊടുക്കുന്നില്ലേ ?

റാവുസാഹിബ് ഐ. എൻ. മേനോൻ: വിദ്യാഭ്യാസപരമായ സകല ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്".

മിസ്റ്റർ കെ. അയ്യപ്പൻ: മുണ്ട് വിദ്യാഭ്യാസപരമായ ആനുകൂല്യമല്ലെ?

റാവുസാഹിബ് ഐ. എൻ. മേനോൻ: അല്ല, അതു് ബാഹ്യമായിട്ടുള്ള ഉപയോഗത്തിനാണ്.

മിസ്റ്റർ കെ. അയ്യപ്പൻ: മുണ്ട് കൊടുക്കുന്നതു് വിദ്യാർത്ഥികൾക്കൊ വിദ്യാർത്ഥികളല്ലാത്തവക്കൊ ?

റാവുസാഹിബ് ഐ. എൻ. മേനോൻ: അവരിൽനിന്നും വിദ്യാഭ്യാസത്തിനു കൂടുതൽ വിദ്യാർത്ഥികളുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി അതു് ഒരു പ്രത്യേക ആനുകൂല്യമായി കൊടുക്കുകയാണു". ബഹുമാനപ്പെട്ട ഈ സഭയുടെ മറ്റു മെമ്പർമാർക്കും ഇതുപോലെ ആനുകൂല്യങ്ങൾ കൊടുക്കണമോ എന്നാണു് അഭിപ്രായമെങ്കിൽ ആ നിലയിൽ ഒരു വ്യത്യസ്ഥത വരുത്തുവാൻ ഗവൺമെൻറു് തയ്യാറാണു".

മിസ്റ്റർ കെ. അയ്യപ്പൻ: ഇവരെ അധ്യക്ഷതയുടെ ലിസ്റ്റിൽപെടുത്തിയതു് ആരുടെ ശുപാർശയനുസരിച്ചാണു്?

റാവുസാഹിബ് ഐ. എൻ. മേനോൻ: സമുദായത്തിലുള്ള യോഗ്യന്മാരായ ആളുകളോടാലോചിച്ചു് കൊടുക്കേണ്ടതാണെന്നു് അവർ അഭിപ്രായപ്പെട്ടാൽ കൊടുക്കും.

മിസ്റ്റർ എം. കെ. വേലായുധി: ലിസ്റ്റിൽപെടുത്തണമെങ്കിൽ ശുപാർശവേണമെന്നാണൊ പറയുന്നതു്?

റാവുസാഹിബ് ഐ. എൻ. മേനോൻ: ശുപാർശയെന്നുവെച്ചാൽ കൈക്കൂലി എന്നു് അതിനു് അർത്ഥമില്ല.

മിസ്റ്റർ എം. ശിവരാമമേനോൻ: പ്രൊട്ടക്ടരുടെ ശുപാർശപ്രകാരം വരുന്നവരെ ലിസ്റ്റിൽപെടുത്തിട്ടുണ്ടൊ ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഞാൻ പ്രൊട്ടക്ടരായിരുന്നകാലത്തു് എന്നെ ശുപാർശചെയ്തതെന്നു് ചോദ്ദിച്ചിട്ടുണ്ട്.

RAILWAY ROLLING STOCK—PARTICULARS REGARDING.

128. Mr. P. Govinda Menon (*Mulakunnathukavu*): Will the Government be pleased to state :—

(*a*) to whom do the engines, carriages and other rolling-stock now used on the Cochin State Railway belong;

(*b*) if they do not belong to the Cochin Government, if any rent or hire is being paid for them;

LIBRARY ARCHIVES Kerala Legislative Assembly